<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3053**</u> <u>**01-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**പാലാ നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിലെ പാലാ ഈരാറ്റുപേട്ട റോഡിൽ മഹാറാണി തീയേറ്റർ കഴിഞ്ഞ് ചെത്തിമറ്റം ഭാഗത്തും , പാലാ-രാമപുരം റോഡിൽ കൊട്ടാരമറ്റം പ്രൈവറ്റ് സ്റ്റാന്റിന് സമീപമുള്ള സ്ഥലങ്ങളിലും മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പാലാ നിയോജക മണ്ഡലത്തിലെ പാലാ ഈരാറ്റുപേട്ട റോഡിൽ മഹാറാണി തീയേറ്റർ കഴിഞ്ഞ് ചെത്തിമറ്റം ഭാഗത്ത് മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനായി നിലവിൽ പുതിയ കലുങ്ക്, ഓട എന്നിവ നിർമ്മിച്ചിട്ടുണ്ട്. പാലാ-കോഴ റോഡിന്റെ ആരംഭ ഭാഗത്തുള്ള കൊട്ടാരമറ്റം ബസ്സ്റ്റാന്റ് ഭാഗത്ത് ഓടകളുടെ അഭാവം മൂലം മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ഓടകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യത യനുസരിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ